# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4834 — 22/03/2018-ൽ മറുപടിയ്ക്ക്

## സഹകരണ റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ആർ. രാജേഷ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ? | (എ) | വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ നിബന്ധനകൾക്ക് വിധേയമായി ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിത്തള്ളാൻ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി എന്ന പദ്ധതി നിലവിലുണ്ട്. റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്നും നൽകും. കൂടാതെ, റിസ്ക് ഫണ്ട് നിയമാവലിയിൽ പരാമർശിച്ചിട്ടുള്ള ഏഴ് മാരകരോഗങ്ങളിൽ ഏതെങ്കിലും ബാധിച്ചവരുടെ വായ്പാ മുതൽ ഇനത്തിൽ 75,000/- രൂപ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി നൽകും. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന് നൽകണം. സംഘം/ബാങ്ക് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശുപാർശയോടെ സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിയ്ക്ക് സമർപ്പിക്കണം. വായ്പാക്കാരൻ മരിച്ചുപോയ കേസുകളിൽ മരണസർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം |

| | | | |
|---|---|---|---|
| | | | സമർപ്പിക്കണം. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി വായ്പ എടുക്കുന്ന സമയത്ത് വായ്പാ തുകയുടെ 0.35% എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525/- രൂപയും ഒറ്റത്തവണ റിസ്ക് ഫണ്ട് പ്രീമിയം/വിഹിതം അടച്ചിരിക്കണം. മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട്/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് യഥാക്രമം മരണാനന്തര ആനുകൂല്യം/ചികിൽസാ ധനസഹായം ലഭിക്കുക. വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട്മുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിക്ക് തൊട്ട്മുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം വായ്പാക്കാരൻ മരണപ്പെട്ടാൽ ആ വിവരം ആശ്രിതൻ ബാങ്കിൽ അറിയിച്ചുകഴിഞ്ഞാൽ സമയ ബന്ധിതമായി ആശ്രിതർക്ക് ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) | വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വിവരം സഹിതം ആശ്രിതൻ ബാങ്കിൽ അപേക്ഷ സമർപ്പിച്ചാൽ റിസ്ക് ഫണ്ട് നിയമാവലി പ്രകാരമുള്ള കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതാണെങ്കിൽ, ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ സെക്രട്ടറിക്ക് നൽകേണ്ടതുണ്ട്. ഇതിൻ പ്രകാരം റിസ്ക് ഫണ്ട് ആനുകൂല്യം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ